**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **04-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വാഴൂർ സോമൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എം.ജി.എസ്.വൈ., ആർ.കെ.ഐ., സി.എം.എൽ.ആർ.ആർ.പി., കിഫ്ബി(കില വഴി) എന്നിവ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്ന പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പാക്കി വരുന്നു. ഇവയിൽ ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. സ്കീമുകളിൽപ്പെട്ട നിർമ്മിതികൾക്ക് Defect Liability Period അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ച ശേഷമുള്ള 5 വർഷ കാലയളവിൽ ഉണ്ടാകുന്ന ഏത് അറ്റകുറ്റപണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാധ്യതപ്പെടുത്തുന്നുണ്ട്. സി.എം.എൽ.ആർ.ആർ.പി. അനുസരിച്ചുള്ള നിർമ്മാണങ്ങൾക്കാകട്ടെ 2വർഷത്തെ Defect Liability Period ഉറപ്പ് വരുത്തുന്നുണ്ട്. (ആർ.കെ.ഐ., പി.എം.ജി.എസ്.വൈ., സി.എം.എൽ.ആർ.ആർ.പി. എന്നിവിടങ്ങളിലെ ഗുണനിലവാര പരിശോധനാ സംവിധാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ എൻജിനീയർമാരുടെയും ഓവർസിയർമാരുടെയും നേരിട്ടുള്ള മേൽനോട്ടത്തിൽ നടന്നു വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി ജില്ലാ പഞ്ചായത്തുകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ നേതൃത്വത്തിൽ 14 ജില്ലകളിലും 18 ബ്ലോക്കുകളിലുമായി Quality Control Lab കൾ സജ്ജീകരിക്കുകയും കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ |

| | | | |
|---|---|---|---|
| | | | ജില്ലകളിലായി മൂന്ന് റീജിയണൽ ലബോറട്ടറികൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. (ബ്ലോക്കുകളുടെ ലിസ്റ്റ് അനുബന്ധം 2ആയി ചേർക്കുന്നു.) കില വഴി കിഫ്ബി ഏറ്റെടുക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ഉറപ്പു വരുത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഒരുക്കി വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന് നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്നും വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എം.ജി.എസ്.വൈ., ആർ.കെ.ഐ., സി.എം.എൽ.ആർ.ആർ.പി., കിഫ്ബി(കില വഴി) എന്നിവ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കി വരുന്ന പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പാക്കി വരുന്നു. ഇവയിൽ ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. സ്കീമുകളിൽപ്പെട്ട നിർമ്മിതികൾക്ക് Defect Liability Period അനുസരിച്ച്, പ്രവൃത്തി പൂർത്തീകരിച്ച ശേഷമുള്ള 5 വർഷ കാലയളവിൽ ഉണ്ടാകുന്ന ഏത് അറ്റകുറ്റപണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാധ്യതപ്പെടുത്തുന്നുണ്ട്. സി.എം.എൽ.ആർ.ആർ.പി. അനുസരിച്ചുള്ള നിർമ്മാണങ്ങൾക്കാകട്ടെ 2വർഷത്തെ Defect Liability Period ഉറപ്പു വരുത്തുന്നുണ്ട്. (ആർ.കെ.ഐ., പി.എം.ജി.എസ്.വൈ., സി.എം.എൽ.ആർ.ആർ.പി. എന്നിവിടങ്ങളിലെ ഗുണനിലവാര പരിശോധനാ സംവിധാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ എൻജിനീയർമാരുടെയും ഓവർസിയർമാരുടെയും നേരിട്ടുള്ള മേൽനോട്ടത്തിൽ നടന്നു വരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി ജില്ലാ പഞ്ചായത്തുകളിലെ എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ നേതൃത്വത്തിൽ 14 ജില്ലകളിലും 18 ബ്ലോക്കുകളിലുമായി Quality Control Lab കൾ സജ്ജീകരിക്കുകയും കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി മൂന്ന് റീജിയണൽ ലബോറട്ടറികൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. (ബ്ലോക്കുകളുടെ ലിസ്റ്റ് അനുബന്ധം 2ആയി ചേർക്കുന്നു.) കില വഴി കിഫ്ബി ഏറ്റെടുക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ഉറപ്പു |

| | | | |
|---|---|---|---|
| | | | വരുത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഒരുക്കി വരുന്നു. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുവാനും പരിശോധനാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | മുകളിൽ പറഞ്ഞതടക്കമുള്ള ഗുണനിലവാര പരിശോധനാ സംവിധാനം മുഴുവൻ പ്രവൃത്തികൾക്കും വ്യപകമാക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി ഒരു ആഭ്യന്തര സാങ്കേതിക പരിശോധനാ സംവിധാനം രൂപീകരിക്കുന്നതിനായി 17.08.2021 ലെ സ.ഉ(സാധാ.) 1591/2021/തസ്വഭവ. പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ) കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച് മുഴുവൻ പ്രവൃത്തികൾക്കും ഫലപ്രദമായ ഗുണനിലവാര പരിശോധനാ സംവിധാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**ആർ.കെ.ഐ., പി.എം.ജി.എസ്.വൈ., സി.എം.എൽ.ആർ.ആർ.പി., പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന സംവിധാനം**

**ആർ.കെ.ഐ.**

ആർ.കെ.ഐ.ക്ക് കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായി ഒരു 3-tier Quality Monitoring System നടപ്പിലാക്കി വരുന്നു.

1st tier – എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ നേതൃത്വത്തിലുള്ള ഗുണനിലവാര പരിശോധന.

2nd tier – ഗവൺമെന്റ് അംഗീകൃത കോളേജുകൾ മുഖേനയുള്ള ഗുണനിലവാര പരിശോധന.

3rd tier – ആർ.കെ.ഐ. പ്രോജക്ട് ഡയറക്ടറുടെ കീഴിലുള്ള ടെക്നിക്കൽ വിംഗിന്റെ ഗുണനിലവാര പരിശോധന.

**പി.എം.ജി.എസ്.വൈ.**

പി.എം.ജി.എസ്.വൈ.-ക്ക് കീഴിൽ വരുന്ന പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായും ഒരു 3-tier Quality Monitoring System നടപ്പിലാക്കിയിട്ടുണ്ട്.

1st tier – എക്സിക്യൂട്ടീവ് എൻജിനീയർ തലവനായുള്ള പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ നേതൃത്വത്തിലുള്ള ഗുണനിലവാര പരിശോധന.

2nd tier – വിരമിച്ച സൂപ്രണ്ടിംഗ് എൻജിനീയറോ അതിന് മുകളിലുള്ള റാങ്കിലുള്ളതോ ആയ ഉദ്യോഗസ്ഥരുടെ പാനലിലുള്ള സ്റ്റേറ്റ് ലെവൽ ക്വാളിറ്റി മോണിറ്ററിംഗ് സിസ്റ്റം.

3rd tier – National Rural Infrastructure Development Agency(NRIDA) യുടെ നേതൃത്വത്തിലുള്ള National Level Quality Monitoring System.

**സി.എം.എൽ.ആർ.ആർ.പി.,**

സി.എം.എൽ.ആർ.ആർ.പി.-ക്ക് കീഴിൽ വരുന്ന പ്രവൃത്തികൾക്ക് വിരമിച്ച സൂപ്രണ്ടിംഗ് എൻജിനീയർമാരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധന നടത്തി വരുന്നു.

## അനുബന്ധം 2

ബ്ലോക്ക് പഞ്ചായത്തുകളിലെ ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ലിസ്റ്റ്

1.അതിയന്നൂർ

2.കിളിമാനൂർ

3.കോയിപ്പുറം

4.മാവേലിക്കര

5.ഉഴവൂർ

6.കൊട്ടാരക്കര

7.കട്ടപ്പന

8.മൂവാറ്റുപുഴ

9.വടക്കാഞ്ചേരി

10.പട്ടാമ്പി

11.തിരൂർ

12.മലപ്പുറം

13.കുന്ദമംഗലം

14.സുൽത്താൻ ബത്തേരി

15.കൂത്തുപറമ്പ്

16.കാഞ്ഞങ്ങാട്

17.വൈക്കം

18.ശാസ്താംകോട്ട.